## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. അജയ് റാം.വി, ജൂനിയർ കൺസൽട്ടന്റ് (ഓർത്തോപീഡിക്സ്) നിയമന ഉത്തരവിനായി കാത്തിരുന്ന 02.05.2021 മുതൽ 19.05.2021 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇഎ1- 54500(1)/2016/ആ.വ.ഡ തീയതി 17.05.2021
2. നം. എ1-1680/22/ജി.മെ.ആ(ആ) കണ്ണൂർ തീയതി 24.02.2022

**ഉത്തരവ് നം. ഇ.എ1- 18477/2022/ആ.വ.ഡ തീയതി 03.08.2022**

ആരോഗ്യവകുപ്പിൽ ഓർത്തോപീഡിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റായിരുന്ന ഡോ. അജയ് റാം. വി, ഉപരിപഠനാർത്ഥമുള്ള ശൂന്യവേതനാവധിയ്ക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാനായി കാത്തുനിന്ന 02.05.2021 മുതൽ 19.05.2021 വരെയുള്ള കാലയളവ് ക്രമപ്പെടുത്തി ഉത്തരവാകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ഡോ. അജയ് റാം. വി, തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും, പരാമർശം(1) പ്രകാരം ടിയാന് നിയമന ഉത്തരവ് നൽകിയത് 17.05.2021 തീയതിയിലായിരുന്നു. പ്രസ്തുത ഉത്തരവു പ്രകാരം ടിയാൻ 20.05.2021ന് തലശ്ശേരി ജനറൽ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ ഓർത്തോപീഡിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റായ ഡോ. അജയ് റാം. വി ഉപരിപഠനാർത്ഥമുള്ള ശൂന്യവേതനാവധിയ്ക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാനായി കാത്തു നിന്ന 02.05.2021 മുതൽ 19.05.2021 വരെയുള്ള കാലയളവ് കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം 1ലെ, ചട്ടം 12(7) നു ചുവടെയുള്ള കുറിപ്പ് (4) പ്രകാരം ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. പ്രീത.പി.പി**
**അഡീഷണൽ ഡയറക്ടർ (എഫ്.ഡബ്ല്യു)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്

ഡോ. അജയ് റാം.വി, ജൂനിയർ കൺസൽട്ടന്റ് (ഓർത്തോപീഡിക്സ്),
ജനറൽ ആശുപത്രി തലശ്ശേരി, കണ്ണൂർ

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കണ്ണൂർ
3. സൂപ്രണ്ട്, ജനറൽ ആശുപത്രി തലശ്ശേരി, കണ്ണൂർ
4. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

0214679

GOVERNMENT OF KERALA